പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 550 — 27.9.2011 ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ടെക്നോസിറ്റി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി ;<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ;<br>ശ്രീ. ബി. സത്യൻ ;<br>ശ്രീ. വി. ശിവൻകുട്ടി ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) തിരുവനന്തപുരം ടെക്നോസിറ്റി പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട് ; | എ) തിരുവനന്തപുരം ടെക്നോസിറ്റി പദ്ധതി പുരോഗമിച്ചുവരുന്നു. ഈ പദ്ധതിക്കായി 423.51 ഏക്കർ വസ്തു അക്വയർ ചെയ്തിട്ടുണ്ട് |
| ബി) ടെക്നോസിറ്റി പദ്ധതിയുടെ പ്രവർത്തനം സർക്കാർ അവലോകനം നടത്തുകയുണ്ടായോ ; പദ്ധതി വിഭാവനം ചെയ്ത എന്തെല്ലാം സംഗതികളിൽ പുരോഗതി ഉണ്ടായിട്ടുണ്ട് ; | ബി) ടെക്നോസിറ്റി പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറായി വരുന്നു. 50 ഏക്കർ സ്ഥലം ടെക്നോപാർക്ക് നേരിട്ട് ഡെവലപ് ചെയ്യുന്നുണ്ട്. ഇതിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭ്യമായിട്ടുണ്ട്. ഇതിൽ 30 ലക്ഷം ചതുരശ്ര അടി ഐ.ടി. കെട്ടിട സമുച്ചയങ്ങളും അതിനോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യ വികസനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. പുനരധിവസിപ്പിക്കേണ്ട കുടുംബങ്ങൾക്കായി നൽകാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്കുള്ള റോഡ്, വൈദ്യുതി എന്നിവയ്ക്കായുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.<br>ടെക്നോസിറ്റി പദ്ധതിയുടെ പ്രധാന റോഡിന്റെ പണി PWD യേയും ശുദ്ധജല വിതരണ പദ്ധതി KWA യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി വിതരണത്തിനായി ടെക്നോപാർക്കിനെ Licensee ആയി നിയമിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണത്തിനും വിതരണത്തിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി Consultant നെ നിയമിച്ചിട്ടുണ്ട്. ഇതിന്റെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| സി) ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി എത്തുക വകയിരുത്തിയിട്ടുണ്ട് ? | സി) ടെക്നോപാർക്ക് മൂന്നാംഘട്ടം, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി 10 കോടി രൂപയുടെ നബാർഡ് ഫണ്ട് ഉൾപ്പെടെ ആകെ 40 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ